പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2832 22.2.2016-ൽ മറുപടിയ്ക്ക്

# വി.ഇ.ഒ. തസ്തികകൾ

| ചോദ്യം<br>ശ്രീ.റ്റി.യു. കുരുവിള | | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | കോതമംഗലം ബ്ലോക്കിൽ എത്ര വി.ഇ.ഒ. തസ്തികയാണ് നിലവിലുള്ളത്, ഗ്രേഡ് I, ഗ്രേഡ് II എന്നിങ്ങനെ തരം തിരിച്ച് നൽകുമോ ; | (എ) | 21 (ഇരുപത്തിയൊന്ന്) വി.ഇ.ഒ. തസ്തികകൾ നിലവിലുണ്ട്. വി.ഇ.ഒ. ഗ്രേഡ് I, ഗ്രേഡ് II അനുപാതം (1:1) സംസ്ഥാന തലത്തിലാണ് നിലനിർത്തുന്നത്. നിലവിൽ കോതമംഗലം ബ്ലോക്കിൽ 12 വി.ഇ.ഒ. മാർ ജോലി നോക്കുന്നുണ്ട്.<br>ഗ്രേഡ് I - 8<br>ഗ്രേഡ് II - 4 |
| (ബി) | പ്രസ്തുത തസ്തികകളിൽ എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നു; | (ബി) | 9 എണ്ണം |
| (സി) | ഒന്നിൽ കൂടുതൽ വി.ഇ.ഒ.സർക്കിളിന്റെ ചുമതലയുള്ള വി.ഇ.ഒ.മാർക്ക് ചാർജ്ജ് അലവൻസും യാത്രാബത്തയും സർക്കിളിന്റെ എണ്ണമനുസരിച്ച് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | കേരള സർവ്വീസ് റൂൾ ചട്ട പ്രകാരം സമാന തസ്തികയുടെ ചാർജ്ജ് വഹിക്കുന്നയാൾക്ക് ചാർജ്ജ് അലവൻസിന് അർഹതയില്ല. അലോട്ട്മെന്റ് വരുന്ന മുറയ്ക്ക് യാത്രാബത്ത ജീവനക്കാർക്ക് നൽകി വരുന്നു. |
| (ഡി) | മറ്റ് ബ്ലോക്കുകളിൽ കൂടുതൽ വി.ഇ.ഒ.-മാരുള്ളപ്പോൾ കോതമംഗലത്ത് വി.ഇ.ഒ-മാരുടെ എണ്ണം കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റ് ബ്ലോക്കുകളിൽ നിന്ന് വി.ഇ.ഒ.-മാരെ മാറ്റി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ